**സ്ലീവാക്കാലം ഒന്നാം ഞായർ**
**മത്താ 10:34-42**

## 'വാൾ-കുരിശ്-ജീവൻ'

**ഫാ. ജോസ് പാര്യത്തറ**

മത്തായി എഴുതിയ യേശുവിന്റെ സുവിശേഷം ദൈവരാജ്യത്തിന്റെ സുവിശേഷമാണ്. 28 അദ്ധ്യായ ങ്ങളിലായി പടർന്നു പന്തലിച്ചു നിൽക്കുന്ന മനോഹരമായ ആഖ്യാനമാണത്. യഹൂദമതത്തിൽ നിന്നും യേശുവിന്റെ ശിഷ്യത്വം സ്വീകരിച്ചവർക്കുവേണ്ടിയാണ് ഈ സുവിശേഷം രചിക്കപ്പെട്ടത്. ആദ്യത്തെ 4 അദ്ധ്യായങ്ങൾ വായിക്കുന്നവന് യേശുവിന്റെ ജീവിതവും മോശയുടെ ജീവിതവും തമ്മിൽ സാദൃശ്യം തോന്നുക സ്വാഭാവികം. കാരണം യഹൂദന് അയയ്ക്കപ്പെട്ടവരിൽ ഏറ്റവും വലിയ പ്രവാചകനാണ് മോശ. ഈ അദ്ധ്യായങ്ങളിൽ യേശുവിന്റെ വംശാവലി, ജനനം, പ്രബോധ നം, അത്ഭുതപ്രവൃത്തികൾ തുടങ്ങിയവ സമ്യക്കായി വിവരിച്ചിരിക്കുന്നു.

സ്നാപക യോഹന്നാൻ ബന്ധനസ്ഥനായെന്നു കേട്ടപ്പോൾ യേശു യൂദയായിൽനിന്നു ഗലീലി യിലേക്കു പിൻവാങ്ങി കഫർണാമിൽ ചെന്നു പാർക്കുന്നു. അവിടുന്നു അവരെ പഠിപ്പിക്കുകയും എല്ലാ രോഗികളെയും വിവിധ വ്യാധികളാലും വ്യഥകളാലും അവശരായവരെയും സുഖപ്പെടു ത്തുകയും ചെയ്യുന്നു. അതോടൊപ്പം തന്നോടൊപ്പം ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയ യ്ക്കുന്നതിനുമായി ശിഷ്യരെ വിളിക്കുന്നു (4:12-25).

ജനക്കൂട്ടങ്ങളെ കാണുന്ന യേശു - പഴയനിയമത്തിൽ മോശ മലയിലേയ്ക്കു കയറിയതുപോലെ - മലയിലേയ്ക്കു കയറുന്നു. അവിടുത്തെ അടുത്തിരുന്നു കേൾക്കാൻ ശിഷ്യന്മാർ അടുത്തെത്തുന്നു. എന്നാൽ സീനായ് മലയുടെ താഴ്വാരങ്ങളിൽ ജനം മോശയെ കാത്തിരുന്നതുപോലെ (പുറ. 19) ജനക്കൂട്ടം അകലങ്ങളിൽ നിന്നു. യേശു അവരെ പഠിപ്പിച്ചു. പഠിപ്പിച്ച കാര്യങ്ങൾ ശ്രദ്ധയോടെ മന സ്സിലാക്കി. യേശു പ്രഭാഷണം സമാപിപ്പിച്ചപ്പോൾ ജനാവലി വിസ്മയത്തോടെ പറഞ്ഞു, യേശു തങ്ങളുടെ നിയമജ്ഞരെ പോലെയല്ല അധികാരമുള്ളവനെപ്പോലെയാണ് പഠിപ്പിക്കുന്നതെന്ന് (7:28). മിശിഹാ അധികാരമുള്ള പ്രബോധകനാണ് എന്ന് വെളിപ്പെടുത്തുന്നതാണ് ഈ സുവിശേഷത്തിലെ യേശുവിന്റെ 5 പ്രബോധനങ്ങൾ (5-7, 10, 13, 18, 23-25). 8-9 അദ്ധ്യായങ്ങളിൽ യേശു സൗഖ്യദായ കനും അത്ഭുതപ്രവർത്തകനുമായ മിശിഹായാണ് (പുറപ്പാട് പുസ്തകത്തിൽ മോശ ഫറവോയ്ക്കു മുന്നിൽ 10 ബാധകളെ അയച്ചു കഠിനഹൃദയനായ ഫറവോയുടെ മാനസാന്തരം ആഗ്രഹിച്ചതു പോലെ). മിശിഹാ സൗഖ്യദായകനാണ്, അത്ഭുതപ്രവർത്തകനാണ്. ദൈവരാജ്യത്തിന്റെ ശുശ്രൂഷ പ്രബോധനത്തിന്റേതു മാത്രമല്ല. അത് അത്ഭുതങ്ങളുടെയും രോഗശാന്തിയുടെയും അടയാളങ്ങളി ലൂടെ വെളിപ്പെടുന്നു.

മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായം അറിയപ്പെടുന്നതു ദൗത്യ പ്രബോധനം (Mission discourse) എന്ന പേരിലാണ്. യേശു തന്റെ പന്ത്രണ്ടു ശിഷ്യന്മാരെ വിളിച്ചു അധികാരപ്പെടുത്തി അപ്പസ്തോലന്മാരായി അയയ്ക്കുകയാണ്. അവരുടെ ചുമതലകൾ, കടമകൾ, മനോഭാവങ്ങൾ, നേരിടാൻ പോകുന്ന പ്രതിസന്ധികൾ - എല്ലാം ഒന്നും മറച്ചുവയ്ക്കാതെ അവർക്കു മാത്രമായി വെളിപ്പെടുത്തുന്നു. അതിനാലാണ് അവിടുന്നു പറയുന്നത്, ''മറഞ്ഞിരിക്കുന്നതൊന്നും വെളിപ്പെടാ തിരിക്കുകയില്ല. നിഗൂഢമായിരിക്കുന്നതൊന്നും അറിയപ്പെടാതിരിക്കുകയുമില്ല. അന്ധകാരത്തിൽ നിങ്ങളോടു ഞാൻ പറയുന്നവ പ്രകാശത്തിൽ പറയുവിൻ.''

ഇന്നത്തെ സുവിശേഷ ഭാഗത്ത് അയയ്ക്കപ്പെടുന്ന ശിഷ്യന്മാർ (അപ്പസ്തോലന്മാർ) നേരിടാൻ പോകുന്ന മൂന്ന് അവസ്ഥാവിശേഷങ്ങൾ യേശു മൂന്നു വാക്കുകളിലൂടെയാണ് വികസിപ്പിക്കുന്നത്: വാൾ - കുരിശ് - ജീവൻ.

യേശുവിന് വ്യക്തിജീവിതത്തിൽ ഒന്നാം സ്ഥാനം നല്കുന്ന വ്യക്തി നേരിടാൻ പോകുന്ന ഭവിഷ്യ ത്തുകൾ അവിടുന്നു വെളിപ്പെടുത്തുകയാണ്. സ്വന്തം കുടുംബത്തിലുള്ളവർ തന്നെ എതിരാകുന്ന പ്രതിസന്ധി. ഏറ്റവും പ്രിയപ്പെട്ടവർ തങ്ങൾക്കെതിരെ തിരിയുന്ന അവസ്ഥ. പക്ഷേ, യേശുവിനെ

മനസ്സാ വരിച്ചിട്ടുള്ളവർ – അവിടുത്തെ പക്ഷക്കാർ ഇടവകയിലുണ്ട് – സമൂഹത്തിലുണ്ട്. അതുകൊണ്ടാണ് യേശു പറയുന്നത്, ‘‘നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെയാണ് സ്വീകരിക്കുന്നത് – ഞാൻ അയയ്ക്കുന്ന ഒരു പ്രവാചകനെ പ്രവാചകനായി സ്വീകരിക്കുന്നവനു തക്ക പ്രതിഫലം ലഭിക്കും! ലോകാരൂപിയിൽ ജീവിക്കുന്നവർക്കു ദൈവാരൂപിയിൽ ജീവിക്കുന്നവർ ചെറിയവരാണ്. ദൈവത്തിന്റെ കാഴ്ചപ്പാടിൽ അവരാണു വലിയവർ – ശിശുക്കളെ പോലെ സ്വയം ചെറുതാകുന്നവർ. അവർക്കുള്ളതാണ് സ്വർഗ്ഗരാജ്യം!!!